# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 10.07.2012- ലെ മറുപടിക്ക്

**T 5978**

## പബ്ലിക്ക് - പ്രൈവറ്റ് പാർട്ണർഷിപ്പ് പദ്ധതികൾ

**ചോദ്യം**

ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എ.എം. ആരിഫ്
,, കെ.കെ. ജയചന്ദ്രൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

(എ) സംസ്ഥാന സർക്കാർ പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പിൽ ഏതെല്ലാം മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കാമോ ;

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

(എ) മാർക്കറ്റ് കോംപ്ലക്സ് വികസനം, ബസ് ടെർമിനൽ കോംപ്ലക്സ്, വ്യാപാര പാർക്കുകൾ, ഏരിയ / കോംപ്ലക്സ് സൈറ്റ് വികസനം,റോഡ് വികസനം,പാർക്കിംഗ് പ്ലാസകൾ , ടൂറിസം, കടലോര വികസനം , മത്സ്യ - മാംസ - പച്ചക്കറി മാർക്കറ്റുകൾ, അമ്യൂസ്മെന്റ് പാർക്ക്, ഖരമാലിന്യ സംസ്കരണം , തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്നീ മേഖലകളിലാണ് ഐ.സി.ഐ.സി.ഐ- കിൻഫ്ര മുഖാന്തിരം പി.പി.പി പദ്ധതികൾ നടപ്പാക്കാവുന്നത്. 'പുര' പദ്ധതി പ്രകാരം ജലവിതരണം , വില്ലേജ് റോഡുകൾ , ഉപരിതല ജല നിർഗ്ഗമന സംവിധാനം, ജല സ്രോതസ്സുകളുടെ നിലനിൽപ്പ് മെച്ചപ്പെടുത്തൽ, കഴിവ് പോഷിപ്പിക്കൽ, വില്ലേജ് തെരുവ് സോളാർ വിളക്കുകൾ സ്ഥാപിക്കൽ, മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, ഖരമാലിന്യം കൈകാര്യം ചെയ്യൽ , റൂറൽ ബി.പി.ഒ, തളിക്കുളത്ത് എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഗ്യാസ് ക്രിമറ്റോറിയം , എൽ.പി. ഗ്യാസ് ക്രിമറ്റോറിയം, എൽ.പി. സ്കുളുകളിലെ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തൽ, മത്സ്യബന്ധന കേന്ദ്രം സ്ഥാപിക്കൽ, തിരൂരങ്ങാടിയിൽ അടിയന്തിര സഹായ കേന്ദ്രം (ട്രോമകെയർ സെന്റർ), ബസ് ടെർമിനൽ എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | ഇതു സംബന്ധിച്ച് ഒരു നയത്തിന് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; | (ബി) | പ്രത്യേക നയത്തിന് രൂപം നൽകിയിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പി.പി.പി പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം 13/10/04 - ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.298/04/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഇതൊരു നയമായി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഈ വർഷം പി.പി.പി. മോഡലിൽ ഏതെല്ലാം പദ്ധതികൾ ഏതെല്ലാം വകുപ്പുവഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | ഇത് സംബന്ധിച്ച നയത്തിന് രൂപം നൽകിയിട്ടില്ല. എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖാന്തിരം ഖരമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.